**എൻ.എസ്.എസ്. ഹെഡ്ഡാഫീസ്**
**പെരുന്ന, ചങ്ങനാശ്ശേരി - 2**
01-02-2025

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 55-ാമത് ചരമവാർഷികം 2025 ഫെബ്രുവരി 25 ചൊവ്വാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ സംസ്ഥാനവ്യാപകമായി ആചരിക്കുന്നതാണ്. നമുക്ക് മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടക്കുന്നതാണ്. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 A.M. വരെ നടക്കുന്ന പ്രസ്തുത ചടങ്ങിൽ അദ്ദേഹത്തെ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്ന എല്ലാ സമുദായാംഗങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും പങ്കെടുക്കാവുന്നതാണ്. ഓരോ വർഷം കഴിയുന്തോറും അദ്ദേഹത്തെ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്നവരുടെ എണ്ണം കൂടിവരികയാണ്. ആ മഹാത്മാവിനോടുള്ള ബഹുമാനാദരവുകളും, സമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യബോധവും, തന്മൂലമുണ്ടാകുന്ന ഊർജ്ജസ്വലതയും ആണ് അതിനു കാരണം. മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം നടക്കുന്ന ഭക്തിനിർഭരമായ ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയാതെവരുന്ന സമുദായാംഗങ്ങൾ നമ്മുടെ എല്ലാ കരയോഗങ്ങളുടെയും, താലൂക്ക് യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ പതിവുപോലെ രാവിലെ മുതൽ 11.45 വരെ ആ പുണ്യാത്മാവിന്റെ ചിത്രത്തിനുമുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിക്കേണ്ടതാണ്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപം നൽകിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും വേണം ഉപവാസം അവസാനിപ്പിക്കുവാൻ എന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തൻ,

ജനറൽ സെക്രട്ടറി

## പ്രതിജ്ഞ

**ഞാൻ നായർസമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്യും**
**അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതരസമുദായങ്ങൾക്ക് ക്ഷോഭകരമായ യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല**
**ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ട ന്യായമായ കരുതലോടുകൂടിയും ഞാൻ ജീവിച്ചുകൊള്ളാം.**
**സത്യം, സത്യം, സത്യം**

**സർവീസ് മുഖപ്രസംഗം - 2025 ഫെബ്രുവരി 1**